**14-ാം കേരള നിയമ സഭ**
**2-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.231** **26.09.2016-ൽ മറുപടിയ്ക്ക്**

# പാരിപ്പള്ളി മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)** |
| (എ) പാരിപ്പള്ളി മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്ക് ഇനി എന്തെല്ലാം നടപടികളാണ് ഉണ്ടാകേണ്ടതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ; | (എ) കേന്ദ്ര സർക്കാരിന് കീഴിലുള്ള എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ കൊല്ലത്തെ പാരിപ്പള്ളിയിലുള്ള മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയായതായി കേരള സർക്കാർ ഉത്തരവിറക്കിയെങ്കിലും കെട്ടിടങ്ങളുടെ താക്കോലുകളും യന്ത്രോപകരണങ്ങളുടെ വിവരങ്ങളും ഇ.എസ്.ഐ കോർപ്പറേഷൻ ഇതു വരെ കൊല്ലം, ഗവൺമെന്റ് മെഡിക്കൽ കോളേജ്, പ്രിൻസിപ്പാളിനു കൈമാറിയിട്ടില്ല. ഡൽഹി ഹൈക്കോടതിയുടെ ഒരു സ്റ്റേ ഉത്തരവ് ചൂണ്ടിക്കാണിച്ചു കൊണ്ട് മെഡിക്കൽ കോളേജ് കൈമാറൽ പ്രക്രിയ താല്ക്കാലികമായി നിർത്തിവയ്ക്കുവാനുള്ള ഇ. എസ്. ഐ കോർപ്പറേഷൻ ആസ്ഥാനത്തു നിന്നുള്ള നിർദ്ദേശം ടി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ തന്നെ പ്രവർത്തിക്കുന്ന ഇ. എസ്.ഐ കോർപ്പറേഷൻ ആശുപത്രി സൂപ്രണ്ട് അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പ്രസ്തുത ഏറ്റെടുക്കൽ പ്രക്രിയ ഇപ്പോൾ നിശ്ചലമായിരിക്കുകയാണ്. 04.07.2016 ലെ സ. ഉ. (സാ. ധാ) നമ്പർ. 128/2016/ആ. കു. വ പ്രകാരം ടി മെഡിക്കൽ കോളേജിൽ 108 തസ്തികകൾ (83 അദ്ധ്യാപക തസ്തികകളും, 25 അനദ്ധ്യാപക തസ്തികകളും) |

| | | | |
|---|---|---|---|
| | | | സൃഷ്ടിച്ചിട്ടുണ്ട്. ഇതു കൂടാതെ ആശുപത്രിയിലേക്ക് ആവശ്യമായ അധിക തസ്തിക സൃഷ്ടിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ടി മെഡിക്കൽ കോളേജിൽ 2017 - 18 – ലെ എം.ബി.ബി.എസ് അഡ്മിഷനു വേണ്ട എല്ലാ ക്രമീകരണങ്ങളും സജ്ജീകരിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയിലേക്ക് ഏതൊക്കെ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാരെയാണ് സർക്കാർ നിയമിച്ചിരുന്നതെന്നും ഇതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചുവെന്നും അറിയിക്കാമോ ; ശേഷിക്കുന്ന ജീവനക്കാർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത ആശുപത്രിയിലേക്ക് 20.07.2016 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 2005/2016/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഓപ്ഷൻ നല്കിയ 22 ഡോക്ടർമാരെ പാരിപ്പള്ളി മെഡിക്കൽ കോളേജിലേക്ക് absorb ചെയ്യുകയും 20.07.2016 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 2006/2016/ആ.കു.വ, 20.07.2016 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 2007/2016/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഇടുക്കി, കോന്നി, തിരുവനന്തപുരം ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജുകളിൽ നിന്നുള്ള 47 ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലും പാരിപ്പള്ളി മെഡിക്കൽ കോളേജിൽ നിയമിച്ചിരിക്കുകയാണ്. പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഇപ്രകാരം നിയമിച്ച 69 ഡോക്ടർമാരും ജോലിയിൽ പ്രവേശിച്ചു. 04.07.2016 – ലെ സർക്കാർ ഉത്തരവ് (എം.എസ്) 128/2016/ആ.കു.വ. പ്രകാരം സൃഷ്ടിച്ച 25 അനദ്ധ്യാപക തസ്തികകളിലെയും 83 അദ്ധ്യാപക തസ്തികകളിലെയും ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) അനുവദനീയമായ എല്ലാ തസ്തികകളിലേക്കും ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | നിയമന നടപടികൾ പുരോഗമിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**